## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3437 — 18.2.2013 - ൽ മറുപടിയ്ക്ക്

### അടയ്ക്കാ കർഷകർക്ക് പ്രത്യേക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് അടയ്ക്കാ കർഷകർക്ക്, പത്തു കോടി രൂപയുടെ പ്രത്യേക പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിരുന്നുവോ എന്നറിയിക്കാമോ;<br><br>(ബി) എങ്കിൽ എന്നാണ് പ്രഖ്യാപിച്ചതെന്നും പാക്കേജിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; | (എ) & (ബി) പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ അടയ്ക്കാ കർഷകർക്ക് വേണ്ടി പത്തു കോടി രൂപയുടെ അടയ്ക്കാ പാക്കേജ് സർക്കാർ പ്രഖ്യാപിക്കുകയും പദ്ധതിയ്ക്ക് സർക്കാർ ഉത്തരവ് (എം.എസ്) 16/2011/കൃഷി തീയതി 12/1/2011 പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു.<br><br>പദ്ധതി പ്രകാരം അടയ്ക്കാ കൃഷി മുഖ്യ വരുമാനമാർഗ്ഗമായിട്ടുള്ളതും പരമാവധി 4 ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവരുമായ കർഷകർക്ക് അടയ്ക്കാമരമൊന്നിന് വേണ്ട പരിചരണങ്ങൾ നൽകുന്നതിന് 10 രൂപ നിരക്കിൽ ഒരു ഹെക്ടറിന് 13,700/- രൂപ നൽകാനായിരുന്നു വ്യവസ്ഥ. ഒരു കർഷകന് പരമാവധി 25,000/- രൂപ ധനസഹായം നൽകാനാണ് പദ്ധതി.. |
| (സി) പദ്ധതിയുടെ പ്രവർത്തനം ഇതുവരെ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നും, എന്ന് ആരംഭിക്കുമെന്നും അറിയിക്കാമോ? | (സി) പദ്ധതി നിർവഹണത്തിനായി തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ